12621
27/11/20

GOVERNMENT OF KERALA

Abstract

Power Department - Cancellation/termination of allotments of 21MW Kakkadampoil stage I SHEP and 16 MW Poru SHEP to M/s CIAL Infrastructures Ltd, and 7 MW Upper Poringal SHEP to M/s Upper Poringal Hydro Projects (P) Ltd . - Sanction accorded - Orders issued.

POWER (B) DEPARTMENT

G.O.(Ms)No.9/2020/POWER Dated, Thiruvananthapuram, 25/11/2020.

Read:- 1. G.O (Ms) No.16/2004/PD dated 21.06.2004.
2. GO(P))No.25/2012/PD dated 03/10/2012.
3. G.O (Ms) No.23/ 2014 dated 21.07.2014.
4. G.O(Rt)No.300/2014/PD dated 9/12//2014 .
5. Letter No.EMC/SHPC/B1/01/20 dated 20.02.2020 from Director, Energy Management Centre.

ORDER

As per the Small Hydro Power Policy issued vide G.O read as 2nd paper above and other Guidelines, Government have allotted the following Small Hydro Power Projects to private developers as "Build, Own, Operate & Transfer (BOOT)" schemes for 30 years from the date of allotment through competitive bidding route.

I. 7MW Upper Poringal SHEP (Thrissur District) was allotted to M/s Upper Poringal Hydro Projects (P) Ltd vide G.O read as 2nd paper above through lowest tariff route with Implementation Bank Guarantee.

II. 21 MW Kakkadampoil stage 1 SHEP (Kozhikode District) was allotted to M/s CIAL Infrastructures Ltd, Kochi vide G.O read as 3rd paper above through premium route.

III. 16 MW Poru SHEP (Ernakulam District) was allotted to M/s, CIAL Infrastructure Ltd, Kochi vide G.O read as 4th paper above , dated 9/12//2014 through premium route.

On further study, the developers of the above project found that the project are unviable due to various reasons in which getting forest

clearance for these projects was a major bottleneck. The investors of the said projects had requested to permit them to withdraw from these projects due to unviable/owing to impedes and difficulty to proceed in the field.

The High Level Committee on Forest Clearance of SHEPs, in its meeting held on 25-10-2019, chaired by the Chief Secretary, Government of Kerala had decided to initiate steps for cancellation of the allotment of the above projects, due to the non-sanctioning of permission by the Forest and Wildlife Department as follows:

- Kakkadampoil Small Hydro Electric Project Stage-1: The Committee accepted the views of the Forest Department that the proposal cannot be recommended for diversion of forest land owing to the preservation of ecological of the forest area and decided to initiative steps for cancellation of allotment of the proposed project including refund of the allotment premium as per the SHEP Policy.

- Poru Small Hydro Electric Project: The Committee accepted the views of the Forest Department that the proposal cannot be recommended for diversion of forest land owing to the preservation of ecology of the forest area in around the project area and decided to initiate steps for cancellation of allotment of the proposed project including refund of the allotment premium as per the SHEP policy.

- Upper Poringal Small Hydro Electric Project: The Committee noted that the proposed Project Area of the proposal falls within the buffer Zone of Parambikulam Tiger Reserve and hence cannot be recommended by Forest & Wildlife Department for diversion of forest land and decided to initiate steps for cancellation of allotment of the proposed project including release of bank guarantee collected from the allottee.

As per the Implementation Agreement which is in line with cl:17.11 of the SHEP Policy 2012. permits the investor for surrendering projects "in the event of Government determining that the project is techno-economically unviable the company may be relieved of their obligations under the Agreement without any penalties. In the event of such termination the Government shall return 75% of the Implementation Security after retaining 25% of the same towards meeting miscellaneous expenses".

The repayment to the said allottee in such cases is as calculated below:



| No | Name of Project | Allottee | Payable Premium (in Rs) | Paid Premium (in Rs) | Amount to be retained by Govt- (in Rs) | Repayable amount - 75% (in Rs) |
|---|---|---|---|---|---|---|
| 1. | 21MW Kakkadampoil stage I SHEP (kozhikode District) | CIAL Infrastructures Ltd, Kochi | 325,50,000 | 325,50,000 | 81,37,500 | 244,12,500 |
| 2. | 16MW Poru SHEP (Ernakulam District) | CIAL Infrastructures Ltd, Kochi | 240,16,016 | 240,16,016 | 60,04,004 | 180,12,012 |
| 3 | 7MW Upper Poringal SHEP (Thrissur District) | Upper Poringal Hydro Projects (P) Ltd | Implementation Bank Guarantee (28 Lakhs) is to be released as there was tariff based selection for IPP allottees in allotment done during 2003-2004. 25% value of BG amounting to Rs.7 lakhs being retained by Govt. towards expenses incurred and remaining 75% amounting to Rs.21 lakhs being released to allottee. | | | |

Director, Energy Management Centre vide letter read as 5th paper above has recommended the following;

1. Allotments of the 21MW Kakkadampoil stage I SHEP, 16 MW Poru SHEP and 7MW Upper Poringal SHEP may be cancelled / terminated.

2. 75% amount of the allotment premium collected from the allottees of 21 MW Kakkadampoil stage I SHEP and 16 MW Poru SHEP may be refunded, after retaining the balance of 25% amount in the Government.

3. In the case of Upper Poringal SHEP permission to Director, EMC may be given to release the respective bank guarantees on receipt of Rs. 7 lakhs equivalent to 25% of the total guarantee.

Government have examined the matter in detail and are pleased to accord sanction for ;

1. Cancellation/termination of allotments of 21MW Kakkadampoil stage I SHEP and 16 MW Poru SHEP to M/s CIAL Infrastructures Ltd, and 7 MW Upper Poringal SHEP to M/s Upper Poringal Hydro Projects (P) Ltd.

2. Refunding of 75% amount of the allotment premium collected from the allottees of 21 MW Kakkadampoil stage I SHEP and 16 MW Poru SHEP after retaining the balance of 25% amount in the Government.

3. Releasing the respective bank guarantee on receipt of Rs.7 lakhs equivalent to 25% of the total guarantee in the case of Upper Poringal SHEP.

By Order of the Governor,
**DR.DINESH ARORA**
**SECRETARY**

To

The Chairman & Managing Director, Kerala State Electricity Board Limited, Thiruvananthapuram.

The Director, Energy Management Centre, Thiruvananthapuram.

The Principal Accountant General (Audit), Thiruvananthapuram.

The Accountant General (A&E), Thiruvananthapuram.

The GA (SC) Department ( vide item No.4357dated 18.11.2020) .

The Information and Public Relations Department (Web and new media division).

Stock File/Office Copy.

Forwarded/By order

Section Officer

രഹസ്യം

# കേരള സർക്കാർ.

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-11-2020

ഫയൽ നം. 49/ബി1/2020/ഊ.വ. ഇനം നം: 4357

വിഷയം : ഊർജ്ജ വകുപ്പ് - കേരള സർക്കാർ ബഡ്ജറ്റ് അടിസ്ഥാനത്തിൽ അനുവദിച്ചതും നടപ്പാകാൻ സാധ്യതയില്ലാത്തതും ഭൂമിയേറ്റടുക്കൽ പ്രശ്നങ്ങൾ ഉള്ളതുമായ കക്കാടാംപൊയിൽ ഒന്നാംഘട്ടം (21 MW), പൊരു (16 MW), അപ്പർ പൊരിങ്ങൽ (7 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ റദ്ദു ചെയ്യാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം.

31 തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

18/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഊർജ്ജ വകുപ്പ്.

13

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

4357

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 49/ബി1/2020/ഊ.വ |
| 2. | വകുപ്പ് | ഊർജ്ജ (ബി) വകുപ്പ് |
| 3. | വിഷയം | കേരള സർക്കാർ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചതും നടപ്പാകാൻ സാധ്യതയില്ലാത്തതും ഭൂമിയേറ്റെടുക്കൽ പ്രശ്നങ്ങൾ ഉള്ളതുമായ കക്കടാംപൊയിൽ ഒന്നാംഘട്ടം (21MW), പൊരു (16MW), അപ്പർ പൊരിങ്ങൽ (7MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ റദ്ദ് ചെയ്യാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03/09/2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശ്രീജ.വി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. ദിനേശ് അറോറ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/09/2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/10/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ .എം .എം മണി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/11/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.11.2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

23 1). കേരള സർക്കാർ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചതും നടപ്പാകാൻ സാധ്യതയില്ലാത്തതും ഭൂമിയേറ്റെടുക്കൽ പ്രശ്നങ്ങൾ ഉള്ളതുമായ കക്കടാംപൊയിൽ ഒന്നാംഘട്ടം (21MW), പൊരു (16MW), അപ്പർ പൊരിങ്ങൽ (7MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ റദ്ദ് ചെയ്യാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

24 2). ചെറുകിട ജലവൈദ്യുതി നയത്തിന്റെയും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മത്സരാതിഷ്ഠിത ടെണ്ടർ നടപടികളിലൂടെ പദ്ധതി അനുവദിക്കുന്ന തീയ്യതി മുതൽ 30 വർഷത്തേയ്ക്ക് ബൂട്ട് അടിസ്ഥാനത്തിൽ കേരള സർക്കാർ താഴെ പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

I). കക്കടാംപൊയിൽ ഒന്നാംഘട്ടം പദ്ധതി (കോഴിക്കോട് ജില്ല) 21/7/2014 ലെ സ.ഉ(എം.എസ്)നം.23/2014/ഊവ നമ്പർ ഉത്തരവ് പ്രകാരം പ്രമീയം തുക ഒടുക്കുന്ന തീയതിയിൽ സിയാൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കൊച്ചി എന്ന കമ്പനിക്ക് അനുവദിച്ചു.

II). പൊരു (16MW) ചെറുകിട ജലവൈദ്യുത പദ്ധതി (എറണാകുളം ജില്ല) 9/12/2014 ലെ സ.ഉ.(ആർ.റ്റി)നം.300/2014/ഊ.വ ഉത്തരവ് പ്രകാരം പ്രിമീയം തുക ഒടുക്കുന്ന രീതിയിൽ സിയാൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കൊച്ചി എന്ന കമ്പനിക്ക് അനുവദിച്ചു.

III). അപ്പർപൊരിങ്ങൽ (7MW) ചെറുകിട ജലവൈദ്യുത പദ്ധതി (തൃശ്ശൂർ ജില്ല) 21/6/2004 ലെ സ.ഉ(എം.എസ്)നം.16/2004/ഊ.വ ഉത്തരവ് പ്രകാരം താഴ്ന്ന താരിഫ് നിരക്കിൽ ഇംപ്ലിമെന്റേഷൻ ബാങ്ക് ഗ്യാരന്റി ഒടുക്കുന്ന രീതിയിൽ അപ്പർ പൊരിങ്ങൽ ഹൈഡ്രോ പ്രോജക്റ്റ് പ്രൈ ലിമിറ്റഡ് എന്ന കമ്പിനിക്ക് അനുവദിച്ചു.

25 3). സംരംഭകർ മേൽ പദ്ധതികളെക്കുറിച്ച് കൂടുതൽ പഠനം നടത്തിയതിൽ അവ പല കാരണങ്ങളാൽ നടപ്പാകാൻ സാധ്യത ഇല്ലാത്തതാണെന്നും ഈ

പദ്ധതികൾക്ക് വനാനുമതി ലഭിക്കുക എന്നത് വളരെ ദുർഘടം പിടിച്ച ഒരു കടമ്പയാണെന്നും മനസ്സിലാക്കി. പദ്ധതികളുമായി മുന്നോട്ട് പോകുന്നതിന് തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉള്ളതിനാലും പദ്ധതികൾ നടപ്പാകാൻ സാധ്യത ഇല്ലാത്തതിനാലും ഈ പദ്ധതികളിൽ നിന്നും പിൻമാറാൻ അനുവദിക്കണമെന്ന് സംരംഭകർ അപേക്ഷിച്ചിട്ടുണ്ട്.

4). ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വനാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതിയുടെ 25/01/2019 ലെ യോഗത്തിൽ വനവും വന്യജീവിയും വകുപ്പിൽ നിന്നും അനുമതി ലഭ്യാമാകാത്തതിനാൽ മേൽ പദ്ധതികൾ റദ്ദ് ചെയ്യാൻ താഴെ പറയും പ്രകാരം കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- <u>കക്കടാംപൊയിൽ ഒന്നാം ഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതി;</u> നിർദ്ദിഷ്ട പദ്ധതി പ്രദേശം ഉൾപ്പെടുന്ന വനപ്രദേശത്തിന്റെ പരിസ്ഥിതി സംരംക്ഷിക്കേണ്ടതിനാൽ പദ്ധതി നിർദ്ദേശം ശുപാർശ ചെയ്യാൻ കഴിയില്ലായെന്നുള്ള വനം വകുപ്പിന്റെ അഭിപ്രായം സമിതി അംഗീകരിക്കുകയും ചെറുകിട ജലവൈദ്യുതി പദ്ധതി നയപ്രകാരം പ്രിമീയം തുക തിരികെ നൽകുന്നത് ഉൾപ്പെടെ പദ്ധതി റദ്ദ് ചെയ്യാനുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു.
- <u>പൊരു ചെറുകിടജലവൈദ്യു പദ്ധതി;</u> നിർദ്ദിഷ്ട പദ്ധതി പ്രദേശം ഉൾപ്പെടുന്ന വനപ്രദേശത്തിന്റെ പരിസ്ഥിതി സംരംക്ഷിക്കേണ്ടതിനാൽ പദ്ധതി നിർദ്ദേശം ശുപാർശ ചെയ്യാൻ കഴിയില്ലായെന്നുള്ള വനം വകുപ്പിന്റെ അഭിപ്രായം സമിതി അംഗീകരിക്കുകയും ചെറുകിട ജലവൈദ്യുതി പദ്ധതി നയപ്രകാരം പ്രിമീയം തുക തിരികെ നൽകുന്നത് ഉൾപ്പെടെ പദ്ധതി റദ്ദ് ചെയ്യാനുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു.
- <u>അപ്പർപൊരുങ്ങൽ ചെറുകിട ജലവൈദ്യുത പദ്ധതി</u>; നിർദ്ദിഷ്ട പദ്ധതി പ്രദേശം പറമ്പിക്കുളം കടുവാ സംരംക്ഷണ കേന്ദ്രത്തിന്റെ ബഫർ മേഖലയിൽ

ഉൾപ്പെടുന്നതിനാൽ പദ്ധതി നിർദ്ദേശം ശുപാർശ ചെയ്യാൻ കഴിയില്ലെന്നുള്ള കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും സംരംഭകനിൽ നിന്നും ലഭിച്ച ബാങ്ക് ഗ്യാരന്റി വിട്ടു നൽകുന്നതുൾപ്പെടെ പദ്ധതി റദ്ദ് ചെയ്യാനുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു.

27 5). 2012 ലെ ചെറുകിട ജല വൈദ്യുത നയത്തിലെ ഖണ്ഡം 17.11 അനുസരിച്ചുള്ള നടപ്പാക്കൽ കരാർ പ്രകാരം നടപ്പാക്കൽ കരാറിലെ വ്യവസ്ഥ പ്രകാരം പദ്ധതി സാങ്കേതികവും സാമ്പത്തികവുമായി സാധുത ഇല്ലാത്തതാണെന്നു സർക്കാർ നിശ്ചയിക്കുകയാണെങ്കിൽ സംരംഭകന് അനുവദിച്ച പദ്ധതി വിട്ടു നൽകാവുന്നതും മറ്റ് പിഴ ശിക്ഷകൾ ചുമത്താതെ കമ്പനിയെ നിയമപരമായ ബാധ്യതകളിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്. ഇങ്ങനെ ചെയ്യുമ്പോൾ പദ്ധതി നടപ്പാക്കാനുള്ള സെക്യൂരിറ്റി തുകയുടെ 25% പലവക ചെലവുകൾക്കായി പിടിച്ചു വെച്ചതിനുശേഷം സർക്കാർ 75% തുക തിരികെ നൽകേണ്ടതാണ്.

28 6). പദ്ധതി അനുവദിച്ച സംരംഭകർക്ക് തിരികെ നൽകാനുള്ള തുക താഴെ പറയും പ്രകാരം കണക്ക് കൂട്ടാവുന്നതാണ്.

| No | Name of Project | Allottee | Payable Premium (in Rs) | Paid Premium (in Rs) | Amount to be retained by Govt-(in Rs) | Repayable amount - 75% (in Rs) |
|---|---|---|---|---|---|---|
| 1. | കക്കടാംപൊയിൽ ഒന്നാംഘട്ടം പദ്ധതി (കോഴിക്കോട് ജില്ല) | സിയാൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കൊച്ചി | 325,50,000 | 325,50,000 | 81,37,500 | 244,12,500 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2. | പൊരു (16MW) ചെറുകിട ജലവൈദ്യുത പദ്ധതി (എറണാകുളം ജില്ല) | സിയാൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കൊച്ചി | 240,16,016 | 240,16,016 | 60,04,004 | 180,12,012 |
| 3 | അപ്പർപൊരിങ്ങൽ (7MW) ചെറുകിട ജലവൈദ്യുത പദ്ധതി (തൃശ്ശൂർ ജില്ല) | അപ്പർ പൊരിങ്ങൽ ഹൈഡ്രോ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് | 2003-2004 കാലഘട്ടത്തിൽ താരിഫിന്റെ അടിസ്ഥാനത്തിൽ ഐ.പി.പി സംരംഭകരെ തിരഞ്ഞെടുത്തിട്ടുള്ളതിനാൽ ഇംപ്ലിമെന്റേഷൻ ബാങ്ക് ഗ്യാരന്റി (28 ലക്ഷം രൂപ) സംരംഭകനു തിരികെ നൽകേണ്ടതായിട്ടുണ്ട്. ബാങ്ക് ഗ്യാരന്റിയുടെ 25% മൂല്യത്തിനു തുല്യമായ 7 ലക്ഷം രൂപ സർക്കാരിൽ നിലനിർത്തിക്കൊണ്ട് ബാക്കിയുള്ള 75 ശതമാനത്തിനു തുല്യമായ 21 ലക്ഷം രൂപ സംരംഭകനു വിട്ടു നൽകാവുന്നതാണ്. | | | |

7). ഈ സാഹചര്യത്തിൽ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു:

I). കക്കടാം പൊയിൽ (21 MW) ഒന്നാംഘട്ടം, പൊരു (16 MW), അപ്പർപൊരിങ്ങൽ (7 MW) എന്നീ പദ്ധതികളുടെ അനുമതികൾ റദ്ദു ചെയ്യാവുന്നതാണ്.

II). കക്കടാംപൊയിൽ, പൊരു എന്നീ പദ്ധതികളിൽ നിന്നു ലഭിച്ച പ്രിമീയം തുകയുടെ 75% സംരംഭകർക്ക് തിരികെ നൽകാവുന്നതാണ്.

III). അപ്പർ പൊരിങ്ങൽ പദ്ധതിയുടെ കാര്യത്തിൽ മൊത്തം ബാങ്ക് ഗ്യാരന്റിയുടെ 25% തുകയ്ക്ക് തുല്യമായ 7 ലക്ഷം രൂപ ലഭ്യമാക്കുന്ന മുറയ്ക്ക് ബാങ്ക് ഗ്യാരന്റി വിട്ടുനൽകാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണ്.

23



30 8). ഈ കാര്യം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനിക്കേണ്ട കാര്യം**

എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാമോ;?

I). കക്കടാം പൊയിൽ (21 MW) ഒന്നാംഘട്ടം, പൊരു (16 MW), അപ്പർപൊരിങ്ങൽ (7 MW) എന്നീ പദ്ധതികളുടെ അനുമതികൾ റദ്ദു ചെയ്യാവുന്നതാണ്.

II). കക്കടാംപൊയിൽ, പൊരു എന്നീ പദ്ധതികളിൽ നിന്നു ലഭിച്ച പ്രമീയം തുകയുടെ 25% സർക്കാരിൽ നിലനിർത്തിയ ശേഷം 75% സംരംഭകർക്ക് തിരികെ നൽകാവുന്നതാണ്.

III). അപ്പർ പൊരിങ്ങൽ പദ്ധതിയുടെ കാര്യത്തിൽ മൊത്തം ബാങ്ക് ഗ്യാരന്റിയുടെ 25% തുകയ്ക്ക് തുല്യമായ 7 ലക്ഷം രൂപ ലഭ്യമാക്കുന്ന മുറയ്ക്ക് ബാങ്ക് ഗ്യാരന്റി വിട്ടുനൽകാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണ്.